# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 25/04/14

( 24 JAMAD-UL-AAKHIR 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം തശ്ഹ്ഹുദ്, തഅവ്വദ്, സുറ : അൽ ഫാത്തിഹ ഓതിയ് ശേഷം ഹസ്രത് മുഹ്‌യീദ്ദീൻ മുനീർ അഹ്‌മദ് അസീം (അ) പറഞ്ഞു.

ചൂതാട്ടം അസാധാരണനായ നിലയിൽ വ്യാപിച്ചിരിക്കുന്നു. എല്ലാ വഴികളിലും നാശം വിതച്ചുകൊണ്ട് ചൂതാട്ടം ഊർജ്ജസ്വലമായി തുടരുകയാണ്. എല്ലാ രാജ്യങ്ങളിലും എല്ലാ മത വിശ്വാസികളിലും ഇത് കാണപ്പെടുന്നു. മുസ്‌ലിംകൾ എന്ന് പ്രഖ്യാപിച്ചിരിക്കുന്നവരും ഈ ദുഃഖാവസ്ഥയിൽ നിന്ന് മോചിതരല്ല. അവരും ഈ പൈശാചിക ആകർഷണത്തിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ അല്ലാഹുവിൽ നിന്നുള്ള വിപത്തുകൾ നിങ്ങളെ പിടികൂടുന്നതിനു മുൻപായി ചൂതാട്ടം എന്ന സ്വഭാവത്തിന് വിരാമമിടുക.

ദൈവീക കല്പനകളാൽ സ്ഥാപിതമായതും അതിനെ പിന്തുടരുവാൻ ആവശ്യപ്പെടുന്നതുമായ മതമാണ് ഇസ്‌ലാം ആ കല്പനകൾ വിശ്വാസികളെ മാത്രമല്ല മാനവകുലത്തിനെ ആകമാനം അഭിസംബോധന ചെയ്യുന്നതുമാണ്. മനുഷ്യന്റെ ഉപജീവനത്തിന് ആവശ്യമായതും അധ്വാനത്തിലൂടെ നേടുവാൻ അതാവശ്യപ്പെടുന്നു. അതു നേടേണ്ടതും ന്യായമായ മാർഗ്ഗത്തിലൂടെ ആയിരിക്കണമെന്നും അത് നിഷ്കർഷിക്കുന്നു. ചൂതാട്ടത്തെപ്പോലെ അപകട സാദ്ധ്യതയുള്ള കളികളിൽപെട്ടതാണ്. ലോട്ടറി , കുതിരപന്തയം ,ഹൗസ്ബോൾഡ് ബാസ്ക്കറ്റ്, ചീട്ടുകളി, നൃത്തസംഗീതങ്ങൾ ലോട്ടോ തുടങ്ങിയവ.ഇവകളൊക്കെ ജനങ്ങളിൽ അധ്വാനത്തിനു പകരം ഭാഗ്യപരീക്ഷണത്തിന് പ്രേരിപ്പിക്കുന്നു.ബുദ്ധിമുട്ടില്ലാതെ പണം സമ്പാദിക്കാമെന്ന തെറ്റായ ആശയം നല്കുന്നു. അത്തരത്തിൽ പണം ലഭിക്കുകയാണെങ്കിൽ അത് അധ്വാനമില്ലാതെ ലഭിക്കുന്നതും അന്യായമാർഗ്ഗത്തിലൂടെ ആർജിക്കുന്നതുമാണ്. ഒരാളുടെ ജീവിതത്തിന് അധ്വാനിച്ച് പണമുണ്ടക്കണമെന്ന ദൈവീക തത്വത്തിനെ അനാദരിക്കലായിരിക്കും ഫലം.മനോഹരമായി ജോലിചെയ്യുന്ന ഒരു മതമാണ് ഇസ്‌ലാം. ഒരോ കാര്യത്തിനും അതിന്റേതായ സ്ഥാനം അത് കല്പിക്കുന്നുണ്ട്. അന്യരുടെ ധനം ന്യായമുള്ളതല്ല എന്ന് അത് പഠിപ്പിക്കുന്നു.

ന്യായമായമാർഗ്ഗങ്ങളിലൂടെയല്ലാതെ ഏതെങ്കിലും നേടുവാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. മറ്റുള്ളവരിൽ നിന്നും എന്തെങ്കിലും കരസ്ഥമാക്കുന്നുവെങ്കിൽ അവരുടെ സമ്മതത്തോടും അനുവാധത്തോടുമായിരിക്കണം. ചൂതാട്ടം എന്നത് തെറ്റായ രീതിയൽ മറ്റുള്ളവരുടെ പണം തട്ടിപ്പറിക്കലാണ്. ഇത് വിശുദ്ധഖുർ ആനിലൂടെ അല്ലാഹു നിരോധിച്ചിരിക്കുകയാണ്.

നിങ്ങളുടെ ധനം നിങ്ങൾ അന്യായമായി , പരസ്പരം (അപഹരിച്ച്) ഭക്ഷിക്കുരുത്. അറിഞ്ഞു കെണ്ട് നിങ്ങൾ ജനങ്ങളുടെ ധനത്തിൽ ഒരു ഭാഗം കുറ്റകരമാകാം വിധം കരസ്ഥമാക്കി ഭക്ഷിക്കുന്നതിന് അതുമായി ഭരണാധികാരികളെ (കോഴകൊടുത്ത് സമീപിക്കയുമരുത്.) 2:189

സൂറ : അൽമാഇദായിലെ രണ്ടുവചനങ്ങളിൽ അല്ലാഹു (ത) പറയുന്നു. വിശ്വസിച്ചവരെ, നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽപ്പെട്ട നീചകൃത്യങ്ങളാണ്. അതിനാൽ നിങ്ങൾ അവയെ വർജിക്കുക.നിങ്ങൾ വിജയികളാകന്നതിനുവേണ്ടി തീർച്ചയായും പിശാച് ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടക്കിത്തീർക്കണമെന്നും , അല്ലഹുവിന്റെ സ്മരണയിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയണമെന്നും മാത്രമാണ്. അതുകൊണ്ട് നിങ്ങൾ (ഇവയിൽ നിന്നെല്ലാം) വിരമിക്കുന്നവരാണോ ? (5: 91/92)

മുഹമ്മദ് മുസ്തഫ സ്രാ പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു.അല്ലാഹു (ത) വീഞ്ഞ് , ചൂതാട്ടം, മറ്റു ലഹരിമരുന്നുകൾ ഇവ നിരോധിച്ചിരിക്കുന്നു. (അഹ്മദ്).

ഭൗതിത രംഗങ്ങളിലായാലും ശരി മതപരമായ രംഗങ്ങളിലായാലും ശരി ചൂതാട്ടം നാശം വിതയ്ക്കുന്നതു തന്നെയാണ്.

**ചൂതാട്ടം മതരംഗത്തു വരുത്തുന്ന വിനകൾ**

1. അല്ലാഹുവിന്റെ കോപവും ശിക്ഷയും വിളിച്ചു വരുത്തുന്ന വലിയ പാപമാണ്.
2. വിശുദ്ധ ഖുർ ആൻ 5 ൽ വചനം 91 ൽ ശിർക്കിന് ശേഷം പറയപ്പെട്ട വളരെ ഗൗരവമുള്ള ഒരു കാര്യമാണ്.
3. അശുദ്ധവും മാല്യനവും നിറഞ്ഞതുമാണ്. അല്ലാഹു (ത) ഇതിനെ നീചകൃത്യമായിട്ടാണ് കാണുന്നത്.
4. ചൂതാട്ടം ഒരു പൈശാചിക പ്രവർത്തിയാണ്. നിസ്സംശയം ശാത്താൻ മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാണ്. അവൻ മനുഷ്യനെ വഴി തെറ്റിക്കുമെന്നും ശപഥം ചെയ്തിട്ടുള്ളവനാണ്. അങ്ങനെ പൈശാചിക പ്രവർത്തി അവനെ അഗ്നിയിലേയ്ക്ക് നയിക്കുന്നു.
5. ചൂതാട്ടം മനുഷ്യന്റെ ദൈനംദിന പുരോഗതിയെ തടയുന്നു.രാവും പകലും അവന്റെ ശാപവും കോപവും ഇറങ്ങുന്നു.
6. ചൂതാട്ടം ദൈവസ്മരണയിൽ നിന്നും, പ്രർത്ഥനയിൽ നിന്നും തന്റെ മറ്റു പ്രവർത്തനങ്ങളിൽ നിന്നും അവനെ വഴി തിരിച്ചുവിടുന്നു.
7. ചൂതാട്ടം അഗ്നിയെ വിഴുങ്ങുവാൻ അവനെ പ്രേരിപ്പിക്കുന്നു. അവൻ മറ്റുള്ളവരിലേക്ക് തിരിയുമ്പോൾ അവരും അഗ്നിയെ വിഴുങ്ങുവാൻ പ്രേരിതരായിത്തീരുന്നു.

ചൂതാട്ടം ഭൗതിക ജീവിതത്തിൽ വരുത്തുന്ന വിനകൾ

1. ശത്രുത അസൂയ വെറുപ്പ് ഇവ സ്യഷ്ടിക്കുന്നു.
2. ജനങ്ങൾ പരസ്പരം വഴക്കിലും വക്കാണത്തിലും ചെന്നെത്തുന്നു. തുടർന്ന് രക്തം ചിന്തലിലും കുറ്റങ്ങൾ ചെയ്യുന്നതിലും കലാശിക്കുന്നു.
3. ജനങ്ങളെ അലസമ്മാരാക്കി മാറ്റുന്നു.നേരായമാർഗ്ഗത്തിൽ അധ്വാനിക്കുന്നതിൽ നിന്നും ജോലിചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്ന ചൂതാട്ടത്തിലൂടെ പെട്ടന്ന് പണക്കാരനാകമെന്ന ചിന്തയെ പ്രത്സാഹിപ്പിക്കുന്നു.കളിച്ചാൽ മാത്രം മതി ,മുഴുവനും നേടാം എന്ന് കരുതുന്നു.
4. ജീവിതത്തിലെ ധാർമ്മിക നിഷ്ഠയിൽ നിന്നും ജനങ്ങളെ അകറ്റുകയും ഒടുവിൽ അത് അവരെ ആത്മഹത്യയിലേക്ക് നയി ക്കുകയും ചെയ്യുന്നു.
5. ജനങ്ങളെ മോഷ്ടാക്കളാകാൻ പ്രേരിപ്പിക്കുന്നു. ചൂതാട്ടത്തിലൂടെ പണം നഷ്ടമാവുകയും പണം ഇല്ലാതെ വരുമ്പോൾ മോഷ്ടിക്കുവാനുള്ള പ്രവണത വർധിക്കുകയും അങ്ങനെ കിട്ടുന്ന പണം കളിക്കുവാൻ ഉപയോഗിക്കാം എന്ന് കരുതുകയും ചെയ്യുന്നു.
6. ചൂതാട്ടത്തിന്റെ അനന്തര ഫലം ഓരോദിനം കഴിയുംന്തോറും ജനങ്ങൾ ദരിദ്രരായി മാറുന്നു. അവരുടെ ജീവിത സാഹചര്യം ശോചനീയമായി തീരുന്നു.
7. കരാർ വ്യവസ്ഥയിൽ പണം വാങ്ങികളിച്ച് കടക്കാരായി തീരുന്നു.

മുസ്ലിം സഹോദരി സഹോദരന്മാരെ നമ്മുടെ സമുദായത്തെചൂതാട്ടം നശിപ്പിക്കുകയാണ്. കുതിരപ്പന്തായവും, ലോട്ടറികളും അങ്ങനെ മനുഷ്യനെ നശിപ്പിക്കുന്ന എല്ലാവിധ കളികൾക്കും പ്രോത്സാഹനം കൂടുതലായി നൽകിക്കൊരിക്കുന്നു. നമ്മുടെ രാജ്യത്തിന് അപമാനമായി തീർന്നിരിക്കുകയണ് .നമ്മുടെ രാജ്യത്തിന്റെയും സമൂഹത്തിന്റെയും വ്യത്തികെട്ട മുഖമാണ് ഇതിലൂടെ അനാവരണം ചെയ്യുന്നത്. പ്രത്യേകിച്ച് ഒരു മുസ്ലീം, പിശാചിന്റെയും അവന്റെ സൈന്യത്തിന്റെയും പിടിയിലമരുന്നതു കാണുമ്പോൾ അവരുടെ കെണികളിൽ ആപതിക്കുന്നതു കാണുമ്പോൾ മറ്റുള്ളവർക്ക് മാതൃകയായി തീരേ മുസ്ലീം,അവനാണിന്ന് ഈ തിന്മയുടെ മുമ്പിൽ നിൽക്കുന്നത്. ഒരു നല്ല മുസ്ലീം വിശുദ്ധ ഖുർ ആന്റെ അദ്ധ്യാപനം അനുസരിച്ച് പ്രവർത്തിക്കേതാണ്. ദൈവ പ്രവാചകന്മാർക്ക് ലഭിക്കുന്ന കല്പനകളെ പിൻതുടരുവാൻ അല്ലാഹു (ത) വിശ്വാസികളോട് കൽപ്പിച്ചിരിക്കുന്നു.

(നാം പറഞ്ഞു.) ഓ ദൂതൻമാരെ പരിശുദ്ധ വസ്തുക്കളിൽ നിന്നും നിങ്ങൾ ഭക്ഷിക്കുകയും നല്ലതു പ്രവർത്തിക്കുകയും ചെയ്യുക.തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് ഞാൻ നല്ലവണ്ണം അറിയുന്നവനാണ് 23;52

നിങ്ങൾ എവിടെ പോയാലും,സമസ്ത വീഥികളിലും,നിങ്ങളുടെ ധനം അന്യായമായി നഷ്ടപ്പെടുത്തുവാനുള്ള സൗകര്യങ്ങൾ ലഭ്യമാണ്.ന്യായ മാർഗ്ഗത്തിലൂടെ നേടുന്ന അല്പധനം,ചൂതാട്ടത്തിലൂടെയും മറ്റ് അന്യായമാർഗ്ഗത്തിലൂടെയും വലിയ തുകയേക്കാൾ,ആയിരം മടങ്ങ് നല്ലതാണ്.

അല്ലാഹു പറയുന്നു. പറയുക ചീത്തയുടെ ആധിക്യം നിന്നെ എത്ര അത്ഭുതപ്പെടുത്തിയാലും ചീത്തയും നല്ലതും തുല്യമാവുകയില്ല.അതിനാൽ ബുദ്ധിമാന്മാരെ,നിങ്ങൾ വിജയം പ്രാപിക്കുന്നതിനു വേണ്ടി അല്ലാഹുവിനെ സൂക്ഷിക്കുക. മൗറീഷ്യസിലെയും,മറ്റു ലോകരാജ്യങ്ങളിലെ,ഉത്തരവാദിത്വപ്പെട്ട പാർട്ടികൾ ജനങ്ങളുടെ നാശത്തിനു വേണ്ടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. തന്ത്ര വൈദഗ്ധ്യത്തിലൂടെ പുതിയ തൊഴിൽ മേഖലകൾ സൃഷ്ടിക്കുകയാണവർ ചെയ്യേണ്ടത്. പകരം അവർ ജനങ്ങളെ ദരിദ്രരും,ദുരിതമനുഭവിക്കുന്നവരുമാക്കി മാറ്റുകയാണ് ചെയ്യുന്നത്. പാപങ്ങളെ സഹായിക്കുവാൻ, സാമൂഹ്യപദ്ധതികളിലൂടെ,അന്യായമായ ധനം ചെലവഴിക്കുന്നതിന്, അവർക്ക്ശേഷം മടിയില്ല. ഈ കെണിയിൽ അകപ്പെട്ട ചില മുസ്ലിം ങ്ങളെയും നമുക്ക് കാണാം. ഇതിലൂടെ അവർക്ക് ചില സഹായങ്ങൾ ലഭിക്കുന്നുണ്ട്. സത്യം പറയാൻ ശങ്കിക്കരുത്. ചൂതാട്ടത്തിലൂടെയും,ലോട്ടറിയിലൂടെയും മറ്റും നേടിയ പണം വേണ്ട എന്നു പറയുവാൻ കഴിയണം. സത്യം പറയാൻ ശങ്കിക്കരുത് . തെറ്റായ പാതയിൽ നിന്നും നിങ്ങളുടെ സഹോദരനെ രക്ഷിക്കക. എന്റെ സഹോദരിസഹോദരന്മാരെ പശ്ചാത്തപിച്ച് പിൻമാറുവിൻ സമയം അതിക്രമിച്ചിട്ടില്ല. നിങ്ങളുടെ നന്മയ്ക്കായി അല്ലാഹു തുറന്ന വാതിലിലേക്ക് മടങ്ങുക. അപ്പോൾ ഇരുലോകത്തും സന്തുഷ്ടരയി തീരും അല്ലാഹുവിനെ ഭയപ്പെടുക. നരകയതനയിലെ ഇന്ധനമാകാതിരിക്കുക.

തിന്മക്കെതിരെ പോരാടുവാൻ അല്ലാഹു നമ്മെ സഹായിക്കട്ടെ സത്യം അസത്യത്തിനുമേൽ വിജയിക്കാവാനും സഹായിക്കട്ടെ ഇൻശാ അല്ലാഹ് ആമീൻ

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala (South Zone)
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-ul-sahih-al-islam.com*